"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കുട്ടനാട് വികസന പാക്കേജിന്റെ രണ്ടാം ഘട്ടം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ ഘടനയിലും പ്രവർത്തനത്തിലും ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

സ.ഉ.(കൈ) നം.3/2026/P&EA തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:- 1. 01.11.2022 - ലെ ജി.ഒ.(എം.എസ്.) നം.94/2022/കൃഷി.

2.സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർപേഴ്സന്റെ 11.05.2023 - ലെ അർദ്ധ ഔദ്യോഗിക കത്ത് നം.13/2023/വി.സി./എസ്.പി.ബി.

<u>ഉത്തരവ്</u>

കുട്ടനാടിന്റെ സമഗ്ര വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി കുട്ടനാട് വികസന ഏകോപന കൗൺസിലും, മോണിറ്ററിംഗ് ആൻഡ് അഡ്വൈസറി കൗൺസിലും, ഇംപ്ലിമെന്റേഷൻ ആൻഡ് ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമായ പദ്ധതിയായതിനാൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ രണ്ടാം കുട്ടനാട് പാക്കേജ് നടപ്പിലാക്കേണ്ടതാണെന്ന് കാണിച്ച് പരാമർശം (2) പ്രകാരം പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ സർക്കാരിന് കത്ത് സമർപ്പിച്ചിരുന്നു. പ്രസ്തുത കത്തിലെ നിർദ്ദേശങ്ങൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ, രണ്ടാം കുട്ടനാട് പാക്കേജ് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 53 പഞ്ചായത്തുകളിലും 6 മുനിസിപ്പാലിറ്റികളിലുമായി (അനുബന്ധം A) വ്യാപിച്ചുകിടക്കുന്ന വെള്ളത്താൽ ചുറ്റപ്പെട്ട കരകൾ ഉള്ള പ്രത്യേക കാർഷിക പാരിസ്ഥിതിക യൂണിറ്റാണ് കുട്ടനാട്. ഇതിന്റെ കൂടുതൽ ഭാഗങ്ങൾ സമുദ്ര നിരപ്പിന് താഴെയോ അതിനു തൊട്ടുമുകളിലോ ആണ്. ഈർപ്പമുള്ള ഉഷ്ണമേഖലാ കാലാവസ്ഥയാണ് ഇവിടെയുള്ളത്. അഞ്ച് നദികൾ സംഗമിക്കുന്ന കുട്ടനാടിന്റെ സമ്പത്തും വിഭവവും നിർണ്ണയിക്കുന്നത് ഇവിടുത്തെ ജലസമൃദ്ധിയും, അറബിക്കടലുമായുള്ള സാമിപ്യവുമാണ്. നെൽകൃഷിയെ സംരക്ഷിക്കുന്നതിന് കുട്ടനാട്ടിലേക്ക് കടൽവെള്ളം പ്രവേശിക്കാതെ ബണ്ടുകളുടേയും, ഷട്ടറുകളുടേയും സഹായത്തോടെ നിയന്ത്രിക്കുന്നു. ഉയർന്ന പ്രദേശങ്ങളിലും ബണ്ടുകളിലും തെങ്ങ് കൃഷി ചെയ്യുന്നു. താഴ്ന്ന പ്രദേശങ്ങൾ വർഷം മുഴുവനും സ്വാഭാവികമായും വെള്ളത്തിനടിയിലാണ്. വെള്ളം പമ്പ് ചെയ്താണ് നെൽകൃഷി സാധ്യമാക്കുന്നത്. കുട്ടനാട്ടും വേമ്പാട്ടുകായലും ഉൾപ്പെടുന്ന തണ്ണീർത്തട സാഹചര്യങ്ങളിൽ കൃഷി പോലെ തന്നെ പ്രാധാന്യമുള്ള ജീവസന്ധാരണ മേഖലകളാണ് മത്സ്യബന്ധനവും, താറാവ് വളർത്തലും.

3. ഒന്നാം കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ

ജനപ്രതിനിധികൾ, വകുപ്പ് സെക്രട്ടറിമാർ തുടങ്ങിയവർ ഉൾപ്പെട്ട Prosperity Council (ഐശ്വര്യ സമിതി), ശാസ്ത്ര സാങ്കേതിക വിദഗ്ധർ തുടങ്ങിയവർ അടങ്ങുന്ന ഒരു പദ്ധതിനടത്തിപ്പ് സംവിധാനം ആവിഷ്കരിച്ചിരുന്നു. ഒന്നാം കുട്ടനാട് പാക്കേജ് പദ്ധതി പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ ഈ കമ്മിറ്റിയുടേയും കാലാവധി അവസാനിച്ചിരുന്നു. ഇത് കാരണം വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകീകരിക്കാൻ സാധിക്കാതെ വന്നു. പ്രസ്തുത സാഹചര്യത്തിൽ സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി കുട്ടനാടിന്റെ സമഗ്രവികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

<u>ലക്ഷ്യം</u>

1. കുട്ടനാട് പ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഒറ്റ സംവിധാനത്തിന്റെ കീഴിലാക്കി. എല്ലാ ഏജൻസികളുടേയും പ്രവർത്തനം, അവലോകനം നടത്തുന്നതിനും, പരസ്പരം പൂരകങ്ങളാകുന്ന വിധം ആസൂത്രണം ചെയ്യുന്നതിനും പദ്ധതികൾക്ക് ആവർത്തന സ്വഭാവമില്ലാതെ നടപ്പിലാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.
2. വിവിധ ഏജൻസികൾ, വകുപ്പുകൾ തുടങ്ങിയവ നടത്തുന്ന അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക, ഏകോപിപ്പിക്കുക, അവ നടപ്പിൽ വരുത്തുന്നത് മോണിറ്റർ ചെയ്യുക, പാരിസ്ഥിതിക സുരക്ഷ, സാമൂഹ്യ സുരക്ഷ, പങ്കാളിത്ത പരിപാലനം എന്നിവ ഉറപ്പുവരുത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവുകൾ നൽകുക.
3. കുട്ടനാട്ടിലെ നെൽപ്പാടങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പദ്ധതികളുടെ പൊതുവായ ആസൂത്രണവും നടത്തിപ്പും ഉറപ്പാക്കുക.
4. തോടുകൾ, കനാലുകൾ എന്നിവയുടെ നീരൊഴുക്ക് സുഗമമാക്കുകയും, അവയുടെ ജലസംവഹനശേഷിയും, സംഭരണശേഷിയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാവശ്യമായ "റൂം ഫോർ റിവർ" തുടങ്ങിയ പദ്ധതികൾ പ്രാദേശിക പ്രത്യേകതകൾക്കനുസൃതമായി നടപ്പിലാക്കുക.
5. നെൽകൃഷി, തെങ്ങുകൃഷി, മത്സ്യക്യഷി, താറാവ് വളർത്തൽ, മറ്റു കൃഷികൾ എന്നിവ സമഗ്രമായി സംയോജിപ്പിക്കുന്ന സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിച്ച് കർഷകരുടെ വരുമാനം ഇരട്ടിയാക്കും വിധമുള്ള പദ്ധതികൾ നടപ്പിലാക്കുക.
6. കുട്ടനാട്ടിലെ സമഗ്ര ജല മാനേജ്മെന്റ് നടപ്പിലാക്കുക.
7. കുട്ടനാട്ടിലെ നെൽകൃഷിയെ വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കാനുള്ള സമഗ്ര പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, കാലം തെറ്റിയ മഴയ്ക്കും, വെള്ളപ്പൊക്കത്തിനും അനുയോജ്യമാകും വിധമുള്ള കാർഷിക കലണ്ടറും, കൃഷിരീതിയും നടപ്പിലാക്കുക, വിള നാശവും അടിസ്ഥാന സൗകര്യങ്ങളുടെ നാശനഷ്ടങ്ങളും പരമാവധി കുറയ്ക്കുന്നതിനുള്ള പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കുക.
8. കുട്ടനാട്ടിലെ കാർഷിക പ്രവർത്തനങ്ങൾ യന്ത്രവൽകൃതമാക്കുക, ആയതിന് ആവശ്യമായ യന്ത്രങ്ങൾ സമാഹരിക്കുക.
9. കുട്ടനാട്ടിലെ പുതുതലമുറയിൽ നിന്നും കൂടുതൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിയധിഷ്ഠിതമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക, കാർഷിക ഉത്പന്ന സംസ്കരണ, വിപണന, വിതരണ രംഗങ്ങളിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുക.
10. സംസ്ഥാനത്തിന്റെ മറ്റ് ഭൂപ്രദേശങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായ കുട്ടനാട്ടിലെ വിവിധ

23. ചീഫ് ജനറൽ മാനേജർ, നബാർഡ്
24. കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി
25. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട)
26. ചീഫ് എഞ്ചിനീയർ, കുട്ടനാട്
27. കൃഷി വകുപ്പ് ഡയറക്ടർ
28. ഫിഷറീസ് ഡയറക്ടർ
29. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ
30. കെ.എസ്.ഇ.ബി. ചെയർമാൻ
31. കേരള കാർഷിക സർവകലാശാല വൈസ് ചാൻസിലർ
32. ഐ.ആർ.ടി.സി.ബി.എസ്.എഫ്.ഡയറക്ടർ
33. ലാന്റ് റവന്യൂ കമ്മീഷണർ
34. സാമ്പത്തിക സ്ഥിതിവിവര ഡയറക്ടർ
35. സോയിൽ സർവ്വെ & സോയിൽ കൺസർവേഷൻ ഡയറക്ടർ
36. ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.
37. കാലാവസ്ഥാ നിരീക്ഷണകേന്ദ്രം ഡയറക്ടർ
38. കൃഷി, ജലവിഭവ, ഫിഷറീസ്, മൃഗസംരക്ഷണ മേഖലകൾ കൈകാര്യം ചെയ്യുന്ന സംസ്ഥാന ആസൂത്രണ ബോർഡ് അംഗം

പ്രവർത്തനങ്ങൾ

1. കുട്ടനാട് വികസന ഏകോപന കൗൺസിൽ ആറ് മാസത്തിൽ ഒരിക്കൽ യോഗം ചേരേണ്ടതാണ്.
2. കുട്ടനാടുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രത്യേക പദ്ധതികൾ ഉൾപ്പെടെയുള്ള എല്ലാ വികസന പ്രവർത്തനങ്ങളും നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കുന്നതിനും പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള ഭരണപരമായ തീരുമാനങ്ങൾ കൈക്കൊള്ളുക.
3. മോണിറ്ററിങ് ആന്റ് അഡ്വൈസറി കൗൺസിൽ തയ്യാറാക്കുന്ന പദ്ധതികൾക്ക് പ്രവർത്തന അനുമതി ലഭ്യമാക്കുക. മോണിറ്ററിങ് ആൻഡ് അഡ്വൈസറി കൗൺസിലിൽ നിന്നും വരുന്ന സാങ്കേതികവും, സാമൂഹ്യപരവുമായ നിർദ്ദേശങ്ങളിന്മേൽ നയപരമായ തീരുമാനമെടുക്കുക.
4. കാർഷിക മേഖലയുടെ പൊതുവായ ഉന്നമനത്തിനായുള്ള ഇടപെടലുകൾ നടത്തുന്നതിന് വേണ്ടി രൂപീകരിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുക. അനുമതി ലഭ്യമാക്കുക.
5. കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഉപയുക്തമാകുന്ന പദ്ധതികൾ രൂപീകരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും ആവശ്യാനുസരണം പുറപ്പെടുവിക്കുക.
6. മോണിറ്ററിംഗ് & അഡ്വൈസറി കൗൺസിലിന്റെയും ഇംപ്ലിമെന്റേഷൻ & ടെക്നിക്കൽ കമ്മിറ്റിയുടെയും പ്രവർത്തനത്തിന്റെ ഏതു ഘട്ടത്തിലും ഇടപെട്ട് ടി കമ്മിറ്റിയുടെ ഘടനയിൽ മാറ്റം വരുത്തുന്നതിനും നിലവിലുള്ള അംഗത്തിനെ ഒഴിവാക്കുന്നതിനും, പുതിയ അംഗത്തിനെ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുക.

II. മോണിറ്ററിംഗ് & അഡ്വൈസറി കൗൺസിൽ

ചെയർമാൻ : ബഹു.കൃഷിവകുപ്പ് മന്ത്രി
കൺവീനർ : ആസൂത്രണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

മേഖലകളിലെ പരമ്പരാഗത തൊഴിൽ മേഖലകൾ നഷ്ടപ്പെട്ടുപോകാതെ കൂടുതൽ ആകർഷകമാക്കിയും, വരുമാനദായകമാക്കിയും, പുതുതലമുറയെ ആകർഷിക്കും വിധം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

11. കുട്ടനാട്ടിലെ നെൽകർഷകർക്കായി പ്രവർത്തിക്കുന്ന വിവിധ പാടശേഖര സമിതികൾ, നെൽകൃഷി വികസന ഏജൻസികൾ എന്നിവയുടെ പ്രവർത്തനം ഏകീകരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക. അവയ്ക്കുള്ള സാമ്പത്തിക സഹായങ്ങൾ കൗൺസിൽ മുഖേന നടപ്പിലാക്കുക.
12. കുട്ടനാട്ടിലെ കാർഷിക പ്രവർത്തനങ്ങളെ സഹായിക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കുക.

<u>ഘടനയും പ്രവർത്തനവും</u>

<u>I. കുട്ടനാട് വികസന ഏകോപന കൗൺസിൽ</u>

ചെയർമാൻ : ബഹു.മുഖ്യമന്ത്രി

വൈസ് ചെയർമാൻ : ബഹു.കൃഷിവകുപ്പ് മന്ത്രി

കൺവീനർ : ചീഫ് സെക്രട്ടറി

<u>അംഗങ്ങൾ</u>

1. ബഹു.ജലവിഭവ വകുപ്പ് മന്ത്രി
2. ബഹു.വൈദ്യുതി വകുപ്പ് മന്ത്രി
3. ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി
4. ബഹു.മൃഗസംരക്ഷണ വകുപ്പ് മന്ത്രി
5. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
6. ബഹു.ടൂറിസം വകുപ്പ് മന്ത്രി
7. ബഹു.റവന്യൂ വകുപ്പ് മന്ത്രി
8. ബഹു.സഹകരണ വകുപ്പ് മന്ത്രി
9. ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി
10. ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ
11. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി
12. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
13. കാർഷികോത്പാദന കമ്മീഷണർ
14. സെക്രട്ടറി, കൃഷി വകുപ്പ്
15. ജലവിഭവ വകുപ്പ് സെക്രട്ടറി
16. ഫിഷറീസ് വകുപ്പ് സെക്രട്ടറി
17. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി
18. ടൂറിസം വകുപ്പ് സെക്രട്ടറി
19. റവന്യൂ വകുപ്പ് സെക്രട്ടറി
20. മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി
21. ഊർജ്ജ വകുപ്പ് സെക്രട്ടറി
22. പരിസ്ഥിതി വകുപ്പ് സെക്രട്ടറി

അംഗങ്ങൾ

1. എം.പി.മാർ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, മാവേലിക്കര)
2. എം.എൽ.എ. മാർ (കുട്ടനാട്, ആലപ്പുഴ, അമ്പലപ്പുഴ, ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, ഏറ്റുമാനൂർ, വൈക്കം)
3. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
4. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
5. കാർഷികോത്പാദന കമ്മീഷണർ
6. സെക്രട്ടറി, കൃഷി വകുപ്പ്
7. ജലവിഭവ വകുപ്പ് സെക്രട്ടറി
8. ഫിഷറീസ് വകുപ്പ് സെക്രട്ടറി
9. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി
10. ടൂറിസം വകുപ്പ് സെക്രട്ടറി
11. പരിസ്ഥിതി വകുപ്പ് സെക്രട്ടറി
12. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട)
13. ജില്ലാ കളക്ടർമാർ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട)
14. ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ വിഭാഗം), ജലസേചന വകുപ്പ്
15. കൃഷി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുന്ന 5 പാടശേഖര സമിതി പ്രതിനിധികൾ

ടി കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്ന് പദ്ധതി വിലിയിരുത്തി സമിതിയ്ക്ക് ഉപദേശങ്ങൾ നൽകണം.

III. സെൻട്രൽ പ്രൊജക്റ്റ് പ്രോസസ്സിംഗ് യൂണിറ്റ് -കുട്ടനാട് മേഖല വികസനം (CPPU -KRD)

സംസ്ഥാന ആസൂത്രണ ബോർഡ് തലത്തിൽ സെൻട്രൽ പ്രൊജക്റ്റ് പ്രോസസ്സിംഗ് യൂണിറ്റ് കുട്ടനാട് മേഖല വികസനം (CPPU - KRD) രൂപീകരിക്കേണ്ടതും ചീഫ് (അഗ്രി) വിഭാഗത്തിൽ യൂണിറ്റ് പ്രവർത്തിക്കേണ്ടതുമാണ്. കുട്ടനാട് പാക്കേജിന്റെ സ്പെഷ്യൽ ഓഫീസർ കൂടിയായ ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിക്ക് CPPU - KRD റിപ്പോർട്ട് ചെയ്യേണ്ടതും, ഐ.ടി, ധനകാര്യം, ജലവിഭവ മേഖലകളിൽ നിന്നുമുള്ള വിദഗ്ധരെ കൂടി ഉൾപ്പെടുത്തി CPPU-KRD പ്രവർത്തിക്കേണ്ടതുമാണ്. ജില്ലകളും വകുപ്പുകളും സമർപ്പിക്കുന്ന പദ്ധതികളുടെ സാങ്കേതിക പരിശോധന, മേഖല പ്രവർത്തനങ്ങളുടെ ഏകോപനവും സംയോജനവും, എൽ.എസ്.ജി പ്രോജക്ടുകളുമായുള്ള സംയോജനം, KIIFB, RKI, NABARD, EAP, KERA മുതലായവയുടെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് റിസോഴ്സ് എൻവലപ്പ്, എസ്റ്റിമേഷൻ, പദ്ധതി രൂപീകരണം, അംഗീകാരം, നടപ്പാക്കൽ എന്നിവയുടെ പുരോഗതി സെൻട്രൽ പ്രൊജക്റ്റ് പ്രോസസ്സിംഗ് യൂണിറ്റ് (CPPU ) നിർവഹിക്കേണ്ടതാണ്.

IV. ഇംപ്ലിമെന്റേഷൻ ആൻഡ് ടെക്നിക്കൽ കമ്മിറ്റി (3 എണ്ണം)

ചെയർമാൻ : ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

കൺവീനർ : ജില്ലാ കളക്ടർമാർ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട)

കോ-ഓർഡിനേറ്റർ : ജില്ലാ വികസന കമ്മീഷണർമാർ/ ജില്ലാ പ്ലാനിംഗ് ഓഫീസർമാർ

**അംഗങ്ങൾ**

1. പ്രിൻസിപ്പൽ കൃഷി ഓഫീസർ
2. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ
3. ജില്ലാ മൃഗസംരക്ഷണ ഓഫീസർ
4. പുഞ്ച സ്പെഷ്യൽ ഓഫീസർ
5. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്
6. സിവിൽ സപ്ലൈസ് ജില്ലാ ഓഫീസർ
7. ജില്ലാ പഞ്ചായത്ത് സെക്രട്ടറി
8. എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി)
9. എക്സിക്യൂട്ടീവ് എഞ്ചിനീയർ (മേജർ ഇറിഗേഷൻ)
10. എക്സിക്യൂട്ടീവ് എഞ്ചിനീയർ (മൈനർ ഇറിഗേഷൻ)
11. എക്സിക്യൂട്ടീവ് എഞ്ചിനീയർ ( ഇറിഗേഷൻ - മെക്കാനിക്കൽ)
12. കൃഷി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുന്ന 5 പാടശേഖര സമിതി പ്രതിനിധികൾ
13. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ
14. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്)
15. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പാലങ്ങൾ)
16. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)
17. ഡിസ്ട്രിക്ട് ഡെവലപ്മെന്റ് മാനേജർ, നബാർഡ്
18. ലീഡ് ബാങ്ക് മാനേജർ
19. ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ

**പ്രവർത്തനങ്ങൾ, ഉത്തരവാദിത്തങ്ങൾ**

- ടെക്നിക്കൽ കമ്മിറ്റി/ഇംപ്ലിമെന്റേഷൻ കമ്മിറ്റി മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. ഉന്നതല കൗൺസിൽ അംഗീകരിച്ചതും വിവിധ വകുപ്പുകൾ നടപ്പിലാക്കേണ്ടതുമായ പദ്ധതികൾക്ക് പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് മുൻഗണന നൽകി നടപ്പിലാക്കുവാനാവശ്യമായ നിർദ്ദേശം നൽകുക. പദ്ധതി പുരോഗതി വിലയിരുത്തി മോണിറ്ററിംഗ് ആൻഡ് അഡ്വൈസറി കൗൺസിലിന് റിപ്പോർട്ട് നൽകുക.
- പദ്ധതി നടത്തിപ്പിൽ പരിസ്ഥിതി സുരക്ഷ, സാമൂഹ്യ സുരക്ഷ, പങ്കാളിത്ത പരിപാലനം എന്നിവ ഉറപ്പുവരുത്തുക, ആധുനിക സാങ്കേതിക വിദ്യകൾക്കൊപ്പം നമ്മുടെ പൂർവ്വ സമൂഹത്തിന്റെ പാരമ്പര്യ അറിവുകളും, ഉൾക്കാഴ്ചയും നാടിന്റെ ജൈവവൈവിധ്യം പുതുതലമുറയ്ക്ക് ഉൾക്കൊള്ളാൻ കഴിയും വിധം കൂട്ടി യോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കുക.
- പദ്ധതി നടത്തിപ്പിനിടയിൽ ഉണ്ടാകുന്ന സാമൂഹ്യപരവും പ്രകൃതിപരവുമായ പ്രശ്നങ്ങൾ പരിഹരിക്കാനാവാത്ത സാഹചര്യത്തിൽ ഇവ മോണിറ്ററിംഗ് ആൻഡ് അഡ്വൈസറി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാര നിർദ്ദേശങ്ങൾ സ്വീകരിച്ച് പ്രവർത്തനം തുടരാൻ നടപടി കൈക്കൊള്ളുക.
- പദ്ധതി പ്രവർത്തനം വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഏകോപനത്തോടെ നടപ്പിലാക്കുക. ആവശ്യസാഹചര്യങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

പ്രതിനിധികളെ ബന്ധപ്പെട്ട് അഭിപ്രായം തേടുക.

- പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതിയിൽ ഉണ്ടാകുന്ന തടസ്സം നീക്കുന്നതിലേക്ക് ഏതെങ്കിലും ഉത്തരവുകളോ അനുമതികളോ ആവശ്യം വന്നാൽ ആയത് മോണിറ്ററിംഗ് ആൻഡ് അഡ്വൈസറി കൗൺസിലിനെ രേഖാമൂലം അറിയിച്ച് വേണ്ട പരിഹാരം കണ്ടെത്തി പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുക.
- അദ്ധ്യക്ഷന്റെ അനുമതിയോടെ കമ്മിറ്റിയിലേക്ക് കൂടുതലായി ആരെയെങ്കിലും ഉൾപ്പെടുത്തുക/ഒഴിവാക്കുക ടി കാര്യം രേഖാമൂലം മോണിറ്ററിംഗ് ആൻഡ് അഡ്വൈസറി കൗൺസിലിനെ അറിയിക്കുക.
- ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ അദ്ധ്യക്ഷരായും, ജില്ലാ കളക്ടർ കൺവീനറും, ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ അംഗങ്ങളായും രൂപീകരിക്കുന്ന ഇംപ്ലിമെന്റേഷൻ & ടെക്നിക്കൽ കമ്മിറ്റികൾ ജില്ലാ ആസൂത്രണ സമിതികളുടെ ഉപസമിതിയായി പ്രവർത്തിക്കേണ്ടതും, ജോയിന്റ് രജിസ്ട്രാർ സഹകരണം, പ്രോജക്ട് കോ-ഓർഡിനേറ്റർ, MGNREGS എന്നിവർ കൂടി ജില്ലാതല ഇംപ്ലിമെന്റേഷൻ & ടെക്നിക്കൽ കമ്മിറ്റികളിൽ അംഗങ്ങളായിരിക്കേണ്ടതുമാണ്.
- വിവിധ വകുപ്പുകൾ മുഖേനയും, തദ്ദേശഭരണ സ്ഥാപനങ്ങളും, വകുപ്പുകളും സംയുക്തമായും, തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ടും ഏറ്റെടുക്കുന്ന/നടപ്പാക്കേണ്ട പദ്ധതികൾ കണ്ടെത്തുകയും എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണ്.
- വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ ഇംപ്ലിമെന്റേഷൻ & ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച്, സെൻട്രൽ പ്രോജക്ട് പ്രോസസിംഗ് യൂണിറ്റ് - കുട്ടനാട് മേഖലാ വികസനം (CPPU - KRD) - ക്ക് കൈമാറേണ്ടതാണ്. അന്തർജില്ലാ പദ്ധതികൾ ഡിപിസികളുമായി കൂടിയാലോചിച്ച് വകുപ്പുകൾ തയ്യാറാക്കേണ്ടതാണ്.
- CPPU - KRD- യുടെ നിർദ്ദേശങ്ങൾ പാലിച്ച് അഞ്ച് കോടി രൂപവരെയുള്ള പദ്ധതികൾക്ക് ജില്ലാതലത്തിൽ ഭരണാനുമതി നൽകേണ്ടതാണ്.
- തദ്ദേശഭരണ സ്ഥാപന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനും പദ്ധതി നടത്തിപ്പിലും നിലവിലുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

**<u>കുട്ടനാട് സെൽ</u>**

കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ സംസ്ഥാനതല സെക്രട്ടറിയേറ്റായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കുട്ടനാട് സെൽ രൂപീകരിക്കുന്നതിലേക്കായി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. കുട്ടനാട് വികസന ഏകോപന കൗൺസിൽ യോഗത്തിനുള്ള അജണ്ട നിശ്ചയിക്കൽ, അജണ്ട കുറിപ്പുകൾ ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികൾ എന്നിവയിൽ നിന്നും ശേഖരിക്കൽ, യോഗ സംഘാടനം, നടപടികുറിപ്പുകൾ തയ്യാറാക്കൽ, ആവശ്യമായ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കൽ തുടങ്ങിയവയാണ് കുട്ടനാട് സെൽ സംസ്ഥാന സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾ.

**<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>**

മികച്ച ഏകോപനത്തിനും സൗകര്യത്തിനുമായി വിവിധ സ്റ്റേക്ക് ഹോൾഡർ വകുപ്പുകളെയും ഏജൻസികളെയും താഴെപ്പറയുന്ന 3 വർക്കിങ് ഗ്രൂപ്പുകളായി നിശ്ചയിക്കേണ്ടതാണ്.

a) കൃഷിയും അനുബന്ധ കാര്യങ്ങളും:- കൃഷി, മൃഗസംരക്ഷണ, ക്ഷീരവികസന, മൽസ്യ, പരിസ്ഥിതി വകുപ്പുകളും, കേരള കാർഷിക സർവ്വകലാശാലയും നവകേരളം കർമ്മപദ്ധതിയും, KERA യും .

b) അടിസ്ഥാന സൗകര്യവും ജലവിഭവ മാനേജ്മെന്റും :- ജലവിഭവം, കേരള ജല അതോറിറ്റി, കെ.എസ്. ഇ. ബി. എൽ., കെ. എൽ. ഡി. സി., പൊതുമരാമത്തു വകുപ്പ്

c) ടൂറിസവും വ്യവസായങ്ങളും :-

വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ

പരിഗണനയിലുള്ള രണ്ടാം കുട്ടനാട് പാക്കേജിനെ പ്രായോഗികമായി കാലോചിതമാക്കിയും, പരിസ്ഥിതി പുനഃസ്ഥാപനം എന്നതിന് ഊന്നൽ നൽകിയും ഇവയെ സമരസപ്പെടുത്തിയും RKI, KERA എന്നിവയുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തും പ്രായോഗികമായ ഒരു പ്രവർത്തന പദ്ധതി രൂപപ്പെടുത്തേണ്ടതിന്റെ ചുമതല ഈ വർക്കിങ് ഗ്രൂപ്പുകൾക്കായിരിക്കും. മേൽപ്പറഞ്ഞ 3 വർക്കിങ് ഗ്രൂപ്പുകളിലും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രതിനിധി, RKI പദ്ധതി എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന പദ്ധതി നിർദ്ദേശങ്ങളെ ഹ്രസ്വകാല, മധ്യകാല, ദീർഘകാല നിർദ്ദേശങ്ങളായി ഇനം തിരിച്ചുകൊണ്ടു രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തുകയും അന്തിമമാക്കിയ പാക്കേജ് കൗൺസിലിന്റെ അംഗീകാരത്തോടെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത ചുമതലകൾ സെൻട്രൽ പ്രോജക്ട് പ്രോസസ്സിംഗ് യൂണിറ്റ് (CPPU) നിർവ്വഹിക്കേണ്ടതാണ്.

അടിസ്ഥാന സൗകര്യവും ജലവിഭവ മാനേജ്മെന്റും എന്ന മേഖലയ്ക്ക് പ്രാഥമിക പരിഗണന നൽകിയാൽ മാത്രമേ കൃഷിയും അനുബന്ധ കാര്യങ്ങളും ടൂറിസവും വ്യവസായവും മറ്റും വിജയകരമായി നടപ്പിലാക്കാൻ കഴിയുകയുള്ളു. വിവിധ മേഖലകളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഏകോപിപ്പിച്ചുകൊണ്ടു നടപ്പാക്കേണ്ടതുമുണ്ട്. ഏതെങ്കിലും ഒരു പ്രോജക്ട് നടപ്പാക്കിയതിനു ശേഷം മാത്രമേ പ്രോജക്ട് മറ്റൊരു നടപ്പാക്കാൻ കഴിയൂ എന്ന നില (Precedence relationship) ഉണ്ടായേക്കാമെന്നത് കൂടി കണക്കിലെടുത്തു പ്രവർത്തന കലണ്ടർ രൂപപ്പെടുത്തേണ്ടതാണ്.

അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴയാർ എന്നീ നദികളുടെ നീർത്തട മാസ്റ്റർപ്ലാനുകൾ സമയബന്ധിതമായി തയ്യാറാക്കി രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

എം.പി.മാർ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, മാവേലിക്കര)
എം.എൽ.എ. മാർ (കുട്ടനാട്, ആലപ്പുഴ, അമ്പലപ്പുഴ, ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല,

ചങ്ങനാശ്ശേരി, കോട്ടയം, ഏറ്റുമാന്നൂർ, വൈക്കം)
മെമ്പർ സെക്രട്ടറി, ആസൂത്രണ ബോർഡ്
കേരള കാർഷിക സർവകലാശാല വൈസ് ചാൻസിലർ
കൃഷി വകുപ്പ് ഡയറക്ടർ
ഫിഷറീസ് ഡയറക്ടർ
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ
കെ.എസ്.ഇ.ബി. ചെയർമാൻ
ലാന്റ് റവന്യൂ കമ്മീഷണർ
ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട)
ചീഫ് ജനറൽ മാനേജർ, നബാർഡ്
ജില്ലാ കളക്ടർമാർ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട)
കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി
അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലനകേന്ദ്രം, ഡയറക്ടർ
സെക്രട്ടറി, സ്റ്റേറ്റ് അഗ്രികൾചർ പ്രൈസസ് ബോർഡ്
ചീഫ് എഞ്ചിനീയർ, കുട്ടനാട്
സാമ്പത്തിക സ്ഥിതി വിവര ഡയറക്ടർ
സോയിൽ സർവ്വെ & സോയിൽ കൺസർവേഷൻ ഡയറക്ടർ
ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.
കാലാവസ്ഥാ നിരീക്ഷണകേന്ദ്രം ഡയറക്ടർ
ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ വിഭാഗം), ജലസേചന വകുപ്പ്
പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ മൃഗസംരക്ഷണ ഓഫീസർ
പുഞ്ച സ്പെഷ്യൽ ഓഫീസർ
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്
സിവിൽ സപ്ലൈസ് ജില്ലാ ഓഫീസർ
ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (അഗ്രി)
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (മേജർ ഇറിഗേഷൻ)
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (മൈനർ ഇറിഗേഷൻ)
എക്സിക്യൂട്ടീവ് എഞ്ചിനീയർ,(ഇറിഗേഷൻ - മെക്കാനിക്കൽ)
KWA എക്സിക്യൂട്ടീവ് എഞ്ചിനീയർ
PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്)
PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ (പാലങ്ങൾ)
അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)
DDM നബാർഡ്
ലീഡ് ബാങ്ക് മാനേജർ
ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ശരിപ്പകർപ്പ്

വകർപ്പ്

1. ബഹു.മുഖ്യമന്ത്രിയുടെ പി.എസ്. - ന്
2. ബഹു.കൃഷിവകുപ്പ് മന്ത്രിയുടെ പി.എസ്. - ന്
3. ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്. -ന്
4. ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ പി.എസ്. -ന്
5. ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പി.എസ്. -ന്
6. ബഹു.മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ പി.എസ്.- ന്
7. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. -ന്
8. ബഹു.ടൂറിസം വകുപ്പ് മന്ത്രിയുടെ പി.എസ്. - ന്
9. ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. - ന്
10. ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്. - ന്
11. ബഹു.ഭക്ഷ്യ- പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ്. - ന്
12. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
13. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
14. കാർഷികോത്പാദന കമ്മീഷണറുടെ പി.എ. -യ്ക്ക്
15. കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
16. ജലവിഭവ സെക്രട്ടറിയുടെ പി.എ.-യ്ക്ക്
17. ഫിഷറീസ് വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
18. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്കക്
19. ടൂറിസം സെക്രട്ടറിയുടെ പി.എ.- യ്ക്ക്
20. പരിസ്ഥിതി വകുപ്പ് സെക്രട്ടറിയുടെ പി.എ.- യ്ക്ക്
21. റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
22. മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
23. ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
24. പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നമ്പർ 3627 തീയതി 11.02.2026)
25. ധനകാര്യം, കൃഷി, തദ്ദേശസ്വയംഭരണം, റവന്യൂ, പൊതുമരാമത്ത്, മൃഗസംരക്ഷണം, ജലവിഭവം, ഫിഷറീസ്, ടൂറിസം, പരിസ്ഥിതി, സഹകരണം, ഊർജ്ജം, ഭക്ഷ്യ-പൊതുവിതരണം വകുപ്പുകൾക്ക്.

ഉത്തരവിൻ പ്രകാരം

Signed by
Alen Alphonse
Date: 16-02-2026 10:27:35

സെക്ഷൻ ഓഫീസർ

അനുബന്ധം A

## Kuttanad Vikasana Ekopana Council - Details of LSG included in Kuttanad area

| District | Name of Block | Name of LSG | Panchayath/Municipality |
|---|---|---|---|
| | | Kuttoor | Panchayath |
| | | Kadapra | " " |
| Pathanamthitta | Pullikeezhu | Peringara | " " |
| | | Nedumpuram | " " |
| | | Niranam | " " |
| | | Thiruvalla | Municipality |
| | Uzhavoor | Manjoor | " " |
| | | Kanakkari | " " |
| | | Aymanam | " " |
| | | Arpookkara | " " |
| | Ettumanoor | Neendoor | " " |
| | | Kumarakam | " " |
| | | Athirampuzha | " " |
| | | Thiruvarpu | " " |
| | | Chempu | " " |
| | | Vechoor | " " |
| | | Udayanapuram | " " |
| | Vaikkom | Thalayazham | " " |
| Kottayam | | TV Puram | " " |
| | | Maravanthuruth | " " |
| | | Vaikkom | Municipality |
| | | Kallara | Panchayath |
| | Kaduthurutthy | Thalayolaparambu | " " |
| | | Kaduthurutthy | " " |
| | | Panachikkadu | " " |
| | | Kurichy | " " |
| | Kottayam | Kottayam | Municipality |
| | | Nattakam | Panchayath |
| | | Kumaranalloor | " " |
| | | Vazhapally | " " |
| | Changanassery | Paippadu | " " |
| | | Changanassery | Municipality |
| | | Punnapra north | Panchayath |
| | Alappuzha | Punnapra south | " " |
| | | Mannanchery | " " |
| | | Alappuzha | Municipality |
| | | Cheruthana | Panchayath |
| | Harippad | Veeyapuram | " " |
| | | Pallippad | " " |
| | | Harippad | Municipality |
| | | Champakulam | " " |
| | | Nedumudy | " " |
| | Champakulam | Kainakary | " " |
| | | Edathua | " " |
| | | Thalavady | " " |
| Alappuzha | | Ramankary | " " |

| | | | | |
|---|---|---|---|---|
| | Ramankary | Veliyanadu | " | " |
| | | Neelamperoor | " | " |
| | | Kavalam | " | " |
| | | Pulinkunnu | " | " |
| | | Muttar | " | " |
| | Ambalappuzha | Ambalappuzha south | " | " |
| | | Ambalappuzha north | " | " |
| | | Thakazhy | " | " |
| | | Purakkad | " | " |
| | | Karuvatta | " | " |
| | Mavelikkara | Chennithala | " | " |
| | Cherthala | Muhamma | " | " |
| | Chengannur | Mannar | " | " |

Abstract

| | |
|---|---|
| Panchayath | 53 nos. |
| Municipality | 6 nos. |